(31) പെരിയാർ നദി ശുദ്ധീകരിക്കണമെന്ന ആവശ്യം

ശ്രീ. കെ. മുഹമ്മദാലി : സർ, ഔഷധഗുണമുണ്ടായിരുന്ന പെരിയാർ നദിയിലെ വെള്ളം മലിനീകരിക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല വിതരണ പദ്ധതി സ്ഥിതി ചെയ്യുന്ന പെരിയാർ നദിയിലെ വെള്ളം ശുദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് മുറവിളി കൂട്ടാൻ തുടങ്ങിയിട്ട് വളരെ നാളുകളായി. അതിനുവേണ്ടി സംസ്ഥാനതലത്തിൽതന്നെ പ്രാധാന്യമർഹിക്കുന്ന സെമിനാറുകളും, കോൺഫറൻസുകളും, നിഗമനങ്ങളെല്ലാമുണ്ടായിട്ടുണ്ട്. എട്ടാം പദ്ധതിക്കാലത്ത് ഇന്ത്യാ ഗവൺമെൻറ് പെരുകിട നദികൾ ശുദ്ധീകരിക്കാനുള്ള പദ്ധതികളാവിഷ്ക്കരിച്ചിട്ടുണ്ട്. ആ സഹായം കൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ പ്രമുഖ നദിയായ ആലുവാപുഴ ശുദ്ധീകരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനോടഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : സർ, അടിയന്തിര നടപടികളാണ് സ്വീകരിക്കുന്നത്. ഈ കാര്യത്തെക്കുറിച്ച് ശാസ്ത്ര സാങ്കേതിക വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. 28.65 കോടി രൂപയുടെ ചെലവു വരുന്ന ഒരു കരടു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇപ്പോൾ അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(32) ആലംതുരുത്തി, നിരണം വാട്ടർ സപ്ലൈ ടാങ്കുകൾ കമ്മീഷൻ ചെയ്യണമെന്ന ആവശ്യം

ശ്രീ. മാത്യു ടി. തോമസ് : സർ, തിരുവല്ലയിൽ കുറച്ചു വർഷങ്ങളായി പണി തീർന്നുകിടക്കുന്ന രണ്ട് വാട്ടർ സപ്ലൈ ടാങ്കുകളാണ് ആലംതുരുത്തി, നിരണം എന്നീ സ്ഥലങ്ങളിലുള്ളത്. ഈ ടാങ്കുകൾ കമ്മീഷൻ ചെയ്താൽ മാത്രമേ പടിഞ്ഞാറൻ പഞ്ചായത്തുകളിൽ ശുദ്ധജലം ലഭിക്കാനുള്ള സൗകര്യമുണ്ടാകുകയുള്ളു. അത് കമ്മീഷൻ ചെയ്യാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

അതുപോലെ അടുത്ത കാലത്ത് തിരുവല്ലയുടെ പ്രാന്തപ്രദേശങ്ങളിൽ വളരെ രൂക്ഷമായ ജലദൗർലഭ്യം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പണി ആരംഭിച്ചിരിക്കുന്ന നിലവിലുള്ള സിസ്റ്റം കാര്യക്ഷമമാക്കാനും, ഓഗ്മെൻറേഷൻ സ്കീമിൻറെ പണി ത്വരിതപ്പെടുത്തി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : സർ, ഓഗ്മെൻറേഷൻ പണി വളരെ ധൃതഗതിയിലാണ് നടക്കുന്നത്. അത് 1991 മാർച്ചിൽ കംപ്ലീറ്റ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതനുസരിച്ച് ടാർജറ്റ് ഫിക്സ് ചെയ്ത് വർക്ക് ചെയ്യുകയാണ്. ആലംതുരുത്തി എന്നീ പ്രദേശങ്ങളിലേക്കുള്ള വാട്ടർടാങ്കിൻറെ പണികൾ പൂർത്തിയായിട്ടുണ്ട്. ഈ ശുദ്ധീകരണശാലയുടെ ശേഷി വളരെ കുറവാണ്. അതുകൊണ്ടാണ് ഈ ബുദ്ധിമുട്ട് ഉണ്ടാകുന്നത്. അതിന് പരിഹാരം ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly